വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട മലിനീകരണം ഒഴിവാക്കുന്നതിനായി ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ വീതം 14 ജില്ലകളിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ വൃത്തിയാക്കുന്നതിനായി 14 ലക്ഷം രൂപയുടെ ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് 30 ലക്ഷം രൂപ വീതം ചെലവാക്കി സല്ലേജ് ടാങ്കറുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്. മറ്റു കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളിലും സല്ലേജ് ടാങ്കറുകൾ നല്കുന്നതിന് പരിഗണിക്കുന്നുണ്ട്. ഹൗസ്ബോട്ടുകൾ മൂലമുണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി 89,43,000 രൂപയ്ക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഹൗസ്ബോട്ടുകളിൽ ഘടിപ്പിക്കുന്നതിനും ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ റോഡുകൾ ക്ലീൻ ചെയ്യുന്നതിന് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 'Eco Friendly' റോഡ് ക്ലീനിങ്ങ് മെഷീനുകൾ വാങ്ങുന്നതിനായി 18 ലക്ഷം രൂപയുടെ ഭരണാനുമതിയും നല്കിയിട്ടുണ്ട്.

(സി) 'ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതി' ഏർപ്പെടുത്തിയിരിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങളുടെ ഗുണദോഷങ്ങൾ

*25 [462] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ടി. പി. രാമകൃഷ്ണൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് നിശ്ചയിക്കുവാൻ രൂപപ്പെടുത്തിയിട്ടുള്ള റഗുലേഷൻ പ്രകാരം ക്രോസ് സബ്സിഡികൾ ക്രമേണ നിർത്തലാക്കുമെന്നും വൈദ്യുതി വിതരണം ചെയ്യാൻ വേണ്ടിവരുന്ന മുഴുവൻ ചെലവും ഉപഭോക്താക്കളിൽ നിന്നും ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വൈദ്യുതി നിരക്കുകൾ നിശ്ചയിക്കാൻ ഇന്നത്തെനിലയ്ക്ക് ഗാർഹികം, കാർഷികം, ചെറുകിട വ്യവസായികൾ, തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് എന്ത് അധിക ബാദ്ധ്യതകൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് വൈദ്യുതി നിരക്കിൽ നിലവിലുള്ളതിനേക്കാൾ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കെന്നും എന്തുതുക വീതമെന്നും വെളിപ്പെടുത്താമോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ, ബി & സി) കമ്മീഷൻ പുറപ്പെടുവിച്ച കരട് റഗുലേഷനിൽ, ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 45, 61, 62 വകുപ്പുകളിൽ ഉള്ള വ്യവസ്ഥകളുടെ വെളിച്ചത്തിൽ ക്രോസ് സബ്സിഡികൾ ക്രമേണയായി നിർത്തലാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എത്രകാലംകൊണ്ട് ക്രോസ് സബ്സിഡികൾ ഒഴിവാക്കണമെന്ന് റഗുലേഷനിൽ നിർദ്ദേശിച്ചിട്ടില്ല. കൂടാതെ റഗുലേഷൻ പ്രാബല്യത്തിൽ വന്നിട്ടുമില്ല. ആയതിനാൽ വിവിധ വിഭാഗങ്ങൾക്ക് എന്ത് അധിക ബാദ്ധ്യത ഉണ്ടാകുമെന്നോ വൈദ്യുതി നിരക്കിൽ നിലവിലുള്ളതിനേക്കാൾ കുറവ് വരുമെന്നോ ഇപ്പോൾ കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല.

വയനാട് ജില്ലയുടെ ടൂറിസം വികസനം

*26 [463] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ടി. യു. രാധാകൃഷ്ണൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സർക്യൂട്ട്, മലബാർ ബാക്ക് വാട്ടർ സർക്യൂട്ട്, ഹൈറേഞ്ച് സർക്യൂട്ട് എന്നീ ടൂറിസം പദ്ധതികളിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയുടെ ടൂറിസം വികസനത്തിന് അത്യന്താപേക്ഷിതമായ റോഡു വികസനം ഇതിൽ ഉൾപ്പെടുമോ;

(സി) പ്രസ്തുത പദ്ധതിയിൽ വയനാടിനുള്ള സ്ഥാനമെന്താണ് എന്ന് വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) മലബാർ സർക്യൂട്ട്, മലബാർ ബാക്ക് വാട്ടർ സർക്യൂട്ട്, ഹൈറേഞ്ച് സർക്യൂട്ട് എന്നീ ടൂറിസം പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്:

I മലബാർ സർക്യൂട്ട് ടൂറിസം പദ്ധതി:

1. കാപ്പാട് ബീച്ചിന്റെ വികസനം.
2. തിരുനെല്ലിയിൽ പിൽഗ്രിം ഫെസിലിറ്റേഷൻ സെന്റർ.

LIBRARY ARCHIVES Kerala Legislative Assembly